**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 495** **10-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.-ക്കുള്ള സർക്കാർ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് സർക്കാർ കഴിഞ്ഞ വർഷം ലഭ്യമാക്കിയ സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | 2023-24, 2024-25 (02.02.2025 വരെ) എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് വായ്പ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പെൻഷൻ വിതരണത്തിനായി രൂപീകരിക്കപ്പെട്ട കൺസോർഷ്യത്തിലുൾപ്പെട്ട പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട തുക മടക്കി നൽകൽ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് വേണ്ടി കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എടുത്ത വായ്പയുടെ തിരിച്ചടവ് എന്നീയിനങ്ങളിൽ നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി കെ.എസ്.ആർ.ടി.സി-യ്ക്ക് തുക അനുവദിക്കുന്നതിന് ഭരണവകുപ്പായ ഗതാഗതവകുപ്പിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ; | (ബി) | 2023-24, 2024-25 (02.02.2025 വരെ) എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് വായ്പയായി യഥാക്രമം 590 കോടി രൂപ, 500 കോടി രൂപ എന്നിവ അനുവദിക്കുന്നതിന് (ആകെ 1090 കോടി രൂപ) ഗതാഗതവകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കോർപ്പറേഷനിലെ പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനായി സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പെൻഷൻ വിതരണം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) മുഖേനയാണ് നടത്തുന്നത്. ഇതിനായി രൂപീകരിക്കപ്പെട്ട കൺസോർഷ്യത്തിലുൾപ്പെട്ട സഹകരണ സംഘങ്ങൾക്ക് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട തുക മടക്കി നൽകുന്നതിന് 2023-24, 2024-25 (02.02.2025 വരെ) സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം |

| | | | |
|---|---|---|---|
| | | | **1008.05 കോടി രൂപയും 663.82 കോടി രൂപയും (ആകെ 1671.87 കോടി രൂപ) അനുവദിക്കുന്നതിന് ഗതാഗതവകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ